# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 165 — 07.03.2017 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, റോജി എം. ജോൺ<br>,, അനൂപ് ജേക്കബ്<br>,, അനിൽ അക്കര: | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് ഭക്ഷ്യഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിയമത്തിലെ ഏതൊക്കെ മാനദണ്ഡങ്ങളാണ് പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്, വിവരിക്കാമോ; | (ബി) & (സി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിത മുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായ തിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്ന തിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തു കയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരി ച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യ ത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. |
| (സി) | സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങ ളോടുള്ള കേന്ദ്ര പ്രതികരണം എന്തായി രുന്നുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ